പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 86 — 27.02.2017 ൽ മറുപടിയ്ക്ക്

## മൊബൈൽ ആപ്ലിക്കേഷനുകൾ വാങ്ങുന്നതിനുള്ള അനുമതി

| | ചോദ്യം<br><br>പ്രൊഫ.കെ.യു.അരുണൻ | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | കേരള സ്റ്റാർട്ടപ്പ് മിഷൻ ടെക്നോപാർക്കിൽ സംഘടിപ്പിച്ച സീഡിംഗ് കേരള പരിപാടിയിൽ കേരളത്തിന്റെ പദ്ധതികളെക്കുറിച്ച് എന്തെല്ലാം ചർച്ചകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിവര സാങ്കേതിക / വിവര സാങ്കേതികാനുബന്ധ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്നതിനായുള്ള ചർച്ചകളാണ് സീഡിംഗ് കേരളാ പരിപാടിയിൽ സംഘടിപ്പിച്ചത്. കേരളീയരുടെ സ്റ്റാർട്ടപ്പ് വിജയങ്ങളും അവർക്ക് നിക്ഷേപം ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ പങ്കുവയ്ക്കലും, സംസ്ഥാനത്തു നിന്നും പുറത്തു നിന്നുമുള്ള നിക്ഷേപം ലഭ്യമാക്കുന്നതിന് വിവിധ നിക്ഷേപകരുമായി നടത്തിയ ചർച്ച നിക്ഷേപം ലഭിക്കുന്നതിന് സംരംഭകർ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ എന്നിവയും പ്രസ്തുത പരിപാടിയിൽ ഉണ്ടായിരുന്നു. കൂടാതെ നിക്ഷേപം ലഭ്യമാകുന്നതിന് വിവര സാങ്കേതിക വിദ്യാ നയവും സാങ്കേതിക സ്റ്റാർട്ടപ്പ് നയവും എത്രത്തോളം സഹായകരമാണെന്നും അതിന്മേൽ എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യമായുള്ളത് എന്നുമുള്ള ചർച്ചയും പ്രസ്തുത പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. |

| | | | |
|---|---|---|---|
| (ബി) | വിവിധ സർക്കാർ വകുപ്പുകൾക്ക് മൊബൈൽ ആപ്ലിക്കേഷനുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) & (സി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ടപ്പുകൾ മുഖേന 5 ലക്ഷം രൂപ വരെ ചെലവിൽ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിന് 16.01.2017 ലെ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഒരു വകുപ്പ് ഒരു വർഷം ഒരു സംരംഭകനിൽ നിന്നും രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ മാത്രമേ വാങ്ങാവൂ എന്ന വ്യവസ്ഥയുണ്ട്. ഓരോ വകുപ്പും അവരുടെ ഫണ്ടിൽ നിന്നുമാണ് ഇതിനുള്ള തുക വിനിയോഗിക്കേണ്ടത്. |
| (സി) | എത്ര തുകവരെ വകുപ്പുകൾക്ക് ഇതിനായി ചെലവഴിക്കാവുന്നതാണെന്നും ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തേണ്ടതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ